**പതിനാലാം കേരള നിയമസഭ**

**ഏഴാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.3987 24.08.2017 -ലെ മറുപടി

## കാരാപ്പുഴ-ബാണാസുര സാഗർ പദ്ധതി

ചോദ്യം

ശ്രീ.സി. കെ. ശശീന്ദ്രൻ

മറുപടി

മാത്യു ടി തോമസ്

ജലവിഭവ വകുപ്പുമന്ത്രി

| | | | |
|---|---|---|---|
| എ) | വയനാട് ജില്ലയിലെ പ്രധാന ജലസേചന പദ്ധതികളായ കാരാപ്പുഴ-ബാണാസുര സാഗർ പദ്ധതികൾ ജില്ലയിലെ കാർഷിക മേഖലയ്ക്ക് സഹായകരമാകുന്നുണ്ടോ; വയനാട് ജില്ലയിൽ ഈ പദ്ധതികൾ കൊണ്ട് ഏതെല്ലാം മേഖലയിൽ സഹായം എത്തിക്കാനാണ് ലക്ഷ്യമിടുന്നത്; | എ) | ഉണ്ട്; വയനാട് ജില്ലയിലെ 5221 ഹെക്ടർ സ്ഥലത്തെ കൃഷിഭൂമിക്കാവശ്യമായ ജലസേചനത്തിനാണ് കാരാപ്പുഴ ജലസേചന പദ്ധതി വിഭാവനം ചെയ്തിട്ടുള്ളത്. നിലവിൽ 603 ഹെക്ടർ സ്ഥലത്ത് ജലസേചനം നടത്തി വരുന്നുണ്ട്. ഇതുകൂടാതെ കൽപ്പറ്റ മുൻസിപ്പാലിറ്റിയിലേക്കും സമീപ പഞ്ചായത്തുകളിലേക്കും കുടിവെള്ളത്തിനായി ഈ പദ്ധതിയെ ഉപയോഗപ്പെടുത്തുന്നുണ്ട്. ബാണാസുരസാഗർ പദ്ധതി 2800 ഹെക്ടർ സ്ഥലത്ത് ജലസേചനത്തിനായി വിഭാവനം ചെയ്ത പദ്ധതിയാണ്. ബാണാസുരസാഗർ പദ്ധതിയുടെ ഡാം KSEB യുടെ കീഴിലാണ്. |
| ബി) | ജില്ലയിൽ രൂക്ഷമായിക്കൊണ്ടിരിക്കുന്ന കുടിവെള്ളക്ഷാമം പരിഹരിക്കുന്നതിന് ഈ പദ്ധതികളെ ഉപയോഗിച്ച് കൂടുതൽ സംവിധാനങ്ങൾ ഒരുക്കാൻ തയ്യാറാകുമോ? | ബി) | സംവിധാനങ്ങൾ ഒരുക്കാൻ തയ്യാറാവുന്നതാണ്. |

**സെക്ഷൻ ഓഫീസർ**